**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1638** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് ആർ.ഡി.ഒ. ഓഫീസിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ എണ്ണം; ആയതിൽ തീർപ്പുകൽപിച്ച അപേക്ഷകൾ എത്രയെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാഞ്ഞങ്ങാട് ആർ.ഡി ഓഫീസിൽ ഭൂമി തരം മാറ്റുന്നതിനായി 6138 അപേക്ഷകൾ ലഭ്യമായിട്ടുള്ളതാണ്. ആയതിൽ 2667 അപേക്ഷകൾ തീർപ്പു കൽപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാത്തവയുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ? | (ബി) | പ്രസ്തുത അപേക്ഷയിൽ 3471 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട ഫോറം നം.5 ഉൾപ്പെടെയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിനായി, കൃഷി ഓഫീസർമാർ വില്ലേജ് ഓഫീസർമാർ എന്നിവരിൽ നിന്നും, റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിന്, കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൃത്യമായ ഇടവേളകളിൽ യോഗം കൂടി അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി സംബന്ധിച്ച് അവലോകനവും നടത്താറുണ്ട്. പ്രാദേശികതല നിരീക്ഷണ സമിതിയുടെ യോഗം, കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്, ജില്ലാ തല അധികൃത സമിതി മുഖേന നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ, KSREC- യുടെ റിപ്പോർട്ട് ആവശ്യമായ കേസുകളിൽ, യഥ സമയം റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശവും നല്കിയിട്ടുള്ളതാണ്.<br><br>കൂടാതെ തരം മാറ്റി അപേക്ഷകൾ തീർപ്പാക്കുന്നതിന് ചുമതലയുള്ള ആർഡിഒ മാ രുടെ അധികാരം വികേന്ദ്രീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ